## നവകേരള നിർമിതിക്കു കരുത്തേകാൻ സമൃദ്ധി ക്യാംപെയ്ൻ

വനിതാ കൃഷി സംഘങ്ങളുടെ നിർമാണവും ശാക്തീകരണവും ലക്ഷ്യമിട്ടു കൊണ്ട് 2019-20 വർഷത്തിൽ കുടുംബശ്രീ സംഘടിപ്പിച്ചുവരുന്ന ക്യാംപെയ്നാണ് സമൃദ്ധി ജെഎൽജി (കൃഷി സംഘങ്ങൾ) ക്യാമ്പെയ്ൻ. നിലവിലെ അയൽക്കൂട്ടങ്ങളിൽ ആകെ അംഗങ്ങളുടെ പത്തു ശതമാനം മാത്രമാണ് കൃഷി സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളത്. വനിതകളെയും പുതു തലമുറയെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്ന പ്രവർത്തനങ്ങളാണ് ഇതനുസരിച്ച് വിവിധ ജില്ലകളിൽ നടത്തുന്നത്. ഇത്തരത്തിൽ കൃഷിസംഘങ്ങൾ രൂപീകരിച്ചും ശക്തിപ്പെടുത്തിയും നവകേരള നിർമിതിക്കു കരുത്തേകാനുമാകും.

കേരളം നേരിട്ട മഹാപ്രളയം കാർഷിക മേഖലയെ സാരമായി ബാധിച്ചിരുന്നു. ആകെയുള്ള കൃഷി സംഘങ്ങളിൽ 40 ശതമാനവും നിർജീവമായി. ഇത്തരത്തിലുള്ള കൃഷി സംഘങ്ങളുടെ പുനരുജ്ജീവനവും ഇതുവഴി നടത്തും. ഒരു സിഡിഎസിൽ കുറഞ്ഞത് 10 ഏക്കർ തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതും നിലവിലുള്ള കൃഷി സംഘങ്ങളിൽ 40 ശതമാനമെങ്കിലും ജൈവകൃഷി ചെയ്യുകയും ഒരു മൂല്യവർധിത യൂണിറ്റ്, അഗ്രി ബിസിനസ് സംരംഭം, പ്ലാന്റ് നേഴ്സറി എന്നിവ ആരംഭിക്കുകയും നൂതനസാങ്കേതിക വിദ്യ ഉപയോഗിക്കുക എന്നിവയും ക്യാംപെയ്ന്റെ ലക്ഷ്യങ്ങളാണ്. ട്രെയ്നിങ്, സെമിനാർ, കാർഷിക ഉത്സവങ്ങൾ, ബാങ്ക് ലിങ്കേജ് മേള തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങളാണ് ക്യംപെയ്ന്റെ ഭാഗമായി ജില്ലകൾ നടത്തി വരുന്നത്.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

# തേനൂറും വിജയവുമായി രേഖ



പത്തനംതിട്ടയിൽ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ താന്നിവിളയിലെ രേഖ മോഹന് കുടുംബശ്രീ സംരംഭമേകിയത് തേൻ മധുരമൂറും വിജയം. 2007 ൽ സമഗ്ര പദ്ധതിയുടെ ഭാഗമായി പത്തു സംഘാംഗങ്ങളുമായി ചേർന്ന് തേനുൽപാദന സംരംഭം ആരംഭിച്ച രേഖയ്ക്ക് 2014ൽ ഈ സംരംഭം സ്വന്തമായി ഏറ്റെടുത്തു നടത്തേണ്ടതായി വന്നു. അന്നു മുതൽ റോയൽ ഹണിയെന്ന പേരിൽ ഈ സംരംഭം മുന്നോട്ടു കൊണ്ടുപോകുകയാണ് രേഖ. രേഖ അംഗമായ സാഫല്യം അയൽക്കൂട്ടത്തിലെ സഹ അംഗങ്ങളുടെ പൂർണ്ണ പിന്തുണയും രേഖയ്ക്കുണ്ട്.

ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വീടുകളുടെ പരിസരങ്ങളിലായി 75 ഓളം തേൻ കൂടുകളാണ് രേഖ കൃഷിക്കായി ഉപയോഗിക്കുന്നത്. മാസം ശരാശരി 6000ത്തിലേറെ രൂപ വരുമാനമായും നേടുന്നു. സമഗ്ര പദ്ധതിയുടെ ഭാഗമായി പരിശീലനവും റിസോഴ്സ് പഴ്സൻമാരുടെയും സേവനങ്ങളും തേനീച്ചവളർത്തലിന് ആവശ്യമായ ഉപകരണങ്ങളും രേഖയ്ക്കുൾപ്പെടെയുള്ള സംഘാംഗങ്ങൾക്ക് കുടുംബശ്രീ നൽകിയിരുന്നു. ഇത് കൂടാതെ പ്രശസ്തമായ മാർത്താണ്ഡം ഹണി പ്രോജക്ട് അംഗങ്ങളിൽ നിന്ന് 2010 ൽ വിദഗ്ധ പരിശീലനവും കുടുംബശ്രീ മുഖേന രേഖ നേടി.

പിന്നീട് സംഘാംഗങ്ങൾ പിന്മാറിയെങ്കിലും രേഖ സംരംഭം ഒറ്റയ്ക്കു മുന്നോട്ടു കൊണ്ടു പോകുകയായിരുന്നു. കുടുംബശ്രീ സംഘടിപ്പിക്കുന്ന വിവിധ വിപണന മേളകളിലും ഓണച്ചന്തകളിലും ഉൾപ്പെടെയാണ് റോയൽ ഹണിയുടെ വിൽപന രേഖ നടത്തുന്നത്.

2015 ൽ 1000 കിലോഗ്രാം തേൻ വരെ രേഖ ഉൽപാദിപ്പിച്ചു. കഴിഞ്ഞ വർഷത്തെ പ്രളയവും തേനീച്ചകൾക്കു ബാധിച്ച അസുഖവും തിരിച്ചടിയായെങ്കിലും അതെല്ലാം മറികടന്ന് മുന്നേറാനുള്ള ആത്മവിശ്വാസത്തോടെയാണ് രേഖ മുന്നോട്ടു പോകുന്നത്. വാച്ച് റിപ്പയറിങ് കട നടത്തുന്ന ഭർത്താവും രണ്ടു മക്കളും പൂർണ പിന്തുണയുമേകുന്നു.

## കുടുംബശ്രീ ഇൻഫൊ

### അസർബൈയ്ജാനിൽ കുടുംബശ്രീക്ക് ആദരം

കുടുംബശ്രീ മാതൃകയിലൂടെ ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സഹായത്തിന് കുടുംബശ്രീക്ക് അസർബൈയ്ജൻ ഗവൺമെന്റിന്റെ ആദരം. 2018 മാർച്ചിൽ കുടുംബശ്രീ പ്രതിനിധികൾ അസർബൈയ്ജാൻ സന്ദർശിക്കുകയും സെപ്റ്റംബറിൽ അസർബൈയ്ജാൻ സംഘത്തിന് പരിശീലനം നൽകുകയും ചെയ്തിരുന്നു.

ഡിഡിയുജികെവൈ പംക്തി

## ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യനാകാം

ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) എന്ന കേന്ദ്രാവിഷ്കൃത നൈപുണ്യ പരിശീലന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്ക് പദ്ധതി വഴി നൈപുണ്യ പരിശീലനം നൽകുന്നു, കൂടാതെ തൊഴിലും ഉറപ്പ് നൽകുന്നു. കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 126 ലേറെ കോഴ്സുകളിൽ പരിശീലനം നേടാനാകും. 18 വയസ്സ് മുതൽ 35 വയസ്സുവരെ പ്രായമുള്ള യുവജനങ്ങൾക്ക് പരിശീലനത്തിന്റെ ഭാഗമാകാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെടുന്ന ആദിവാസികൾ എന്നിവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. റെസിഡൻഷ്യൽ രീതിയിലും പരിശീലനം നൽകുന്നു. താമസവും ഭക്ഷണവും സൗജന്യമാണ്.

പവർ ആൻഡ് എനർജി മേഖലയിൽ ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ കോഴ്സിൽ പഠിക്കാനുള്ള അവസരമുണ്ട്. 143 പേർ പരിശീലനം നേടിക്കഴിഞ്ഞു. ഇതിൽ 58 പേർക്ക് ജോലിയും ലഭിച്ചു. 6000 മുതൽ 13,000 രൂപ വരെ ശമ്പളം ലഭിക്കുന്നു.

## വീക്‌ലി യു ട്യൂബ് ചാനൽ എപ്പോഴും കാണാം കേൾക്കാം!

മനോരമ ആഴ്ചപ്പതിപ്പിൽ ഇപ്പോൾ പ്രസിദ്ധീകരിച്ചു വരുന്ന നോവലുകളുടെ മുൻ ലക്കങ്ങളും വായനക്കാർക്കു കേൾക്കാം. www.youtube.com/malayalamanoramaweekly എന്ന സൈറ്റിൽ നിന്ന് ഇതു നേരിട്ടു ലഭിക്കും. അതോടൊപ്പം തന്നെ മറ്റു പരിപാടികളുടെ ഓഡിയോയും വിഡിയോയും കാണാം കേൾക്കാം. ഇവിടെ കൊടുത്തിരിക്കുന്ന ക്യു ആർ കോഡ് സ്മാർട് ഫോണിൽ സ്കാൻ ചെയ്തു നോക്കൂ...അതിലൂടെ യു ട്യൂബ് ചാനലിൽ നേരിട്ടു പ്രവേശിക്കാം. ഇവിടെ ഡ്രാക്കുള നോവൽ, ഈ വർഷത്തെ വിഷുഫലം, മിമിക്രി അവതരണം, കഥക്കൂട്ട് തുടങ്ങിയവ എല്ലാം ഒരുമിച്ച് ലഭ്യമാകും. ഇത് നിങ്ങളുടെ യാത്രകളിലോ ഒഴിവുസമയങ്ങളിലോ യഥേഷ്ടം കേട്ടുനോക്കൂ!

അഭിപ്രായങ്ങളും നിർദേശങ്ങളും 7909188000 എന്ന വാട്സ് ആപ് നമ്പറിൽ അറിയിക്കാം.

യു ട്യൂബ് ചാനൽ കാണുവാൻ ഈ ക്യുആർ കോഡ് സ്കാൻ ചെയ്യുക.